2026
JANUARY
06
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper






## കേരളത്തിനും വന്ദേഭാരത് സ്ലീപ്പർ ട്രെയിൻ; മണിക്കൂറിൽ 180 കിലോമീറ്റർ വരെ വേഗം

**ന്യൂഡൽഹി:** കേരളത്തിനും വന്ദേഭാരത് സ്ലീപ്പർ ട്രെയിൻ അനുവദിക്കുമെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. ആദ്യ വന്ദേഭാരത് സ്ലീപ്പർ ട്രെയിനിന്റെ സർവീസ് ആരംഭിക്കുന്നതിനു മുന്നോടിയായി മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. അസമിലെ ഗുവാഹത്തിക്കും ബംഗാളിലെ ഹൗറയ്ക്കും (കൊൽക്കത്ത) ഇടയിലാണ് ആദ്യ സർവീസ്. ജനുവരി പകുതിയോടെ സർവീസ് ആരംഭിക്കും.

പകൽ യാത്രകളെ ആയാസരഹിതമാക്കിയ വന്ദേഭാരത് ചെയർ കാർ ട്രെയിനുകൾക്കു ലഭിച്ച വൻ സ്വീകാര്യതയാണ് അത്യാധുനിക സൗകര്യങ്ങളോടെ സ്ലീപ്പർ ട്രെയിനുകൾ ഓടിക്കാൻ പ്രേരണയായത്. മണിക്കൂറിൽ 180 വരെ കിലോമീറ്റർ വേഗമുള്ള ട്രെയിനിന് 16 കോച്ചുകളാണുള്ളത്. 833 പേർക്ക് യാത്ര ചെയ്യാം. വിമാനങ്ങളിലേതിനു സമാനമായ കേറ്ററിങ് ഉൾപ്പെടെയുള്ള സേവനങ്ങൾ ലഭ്യമാക്കും. തേഡ് എസിയിൽ 2300, സെക്കൻഡ് എസിയിൽ 3000, ഫസ്റ്റ് എസിയിൽ 3600 എന്നിങ്ങനെയായിരിക്കും ഭക്ഷണം ഉൾപ്പെടെ ഏകദേശ ടിക്കറ്റ് നിരക്ക്.

കുലുക്കമില്ലാത്ത യാത്ര ഉറപ്പു നൽകുന്ന ട്രെയിനിൽ മികച്ച ബെർത്തുകൾ, ഓട്ടമാറ്റിക് വാതിലുകൾ, കവച് സുരക്ഷാ സംവിധാനം, അടിയന്തര ടോക്ക്ബാക്ക് സിസ്റ്റം, ശുചിത്വം, അണുമുക്തമായതും ഓക്സിജൻ ലഭ്യത ഉറപ്പാക്കുന്നതുമായ അന്തരീക്ഷം എന്നിവയെല്ലാം ഒരുക്കിയിട്ടുണ്ട്. പൂർണമായും തദ്ദേശീയമാണ് നിർമാണം. 6 മാസത്തിനകം 8 ട്രെയിനുകൾ കൂടി ഓടിക്കാൻ കഴിയും. ഈ വർഷാവസാനത്തോടെ 12 വന്ദേഭാരത് സ്ലീപ്പർ സർവീസുകൾ തുടങ്ങും.

# വെനസ്വേല: റെക്കോഡ് കുതിപ്പിൽ റിലയൻസ്, നേട്ടമാക്കാൻ ഒഎൻജിസി

**മുംബൈ:** വെനസ്വേലയെക്കെതിരെയുള്ള യുഎസിന്റെ സൈനിക നീക്കം നേട്ടമാക്കി റിലയൻസ് ഇൻഡസ്ട്രീസ്. ക്രൂഡ് ബിസിനസിൽ കൂടുതൽ നേട്ടമുണ്ടാക്കാനുള്ള സാധ്യതയാണ് കമ്പനിക്ക് ഗുണകരമായത്. വെനസ്വേലയിൽനിന്നുള്ള ക്രൂഡിന്റെ ഉപരോധം നീക്കുന്നതോടെ ബ്രെന്റ് ക്രൂഡിനേക്കാൾ കുറഞ്ഞ വിലയ്ക്ക് അസംസ്കൃത എണ്ണ വാങ്ങാൻ റിലയൻസിന് സാധിക്കും. കമ്പനിയുടെ മൊത്തം ലാഭം മെച്ചപ്പെടുത്താൻ ഈ നീക്കം സഹായിക്കുമെന്നാണ് ജെഫറീസ് പോലുള്ള ബ്രോക്കറേജ് സ്ഥാപനങ്ങൾ വിലയിരുത്തുന്നത്.



തിങ്കളാഴ്ചയിലെ വ്യാപാരത്തിനിടെ റിലയൻസിന്റെ ഓഹരി വില എക്കാലത്തെയും ഉയർന്ന നിലവാരമായ 1,611.80 രൂപയിലെത്തി. ഇതോടെ കമ്പനിയുടെ വിപണി മൂല്യം 21.6 ലക്ഷം കോടി രൂപയായി.

ഓയിൽ ആൻഡ് നാച്ചുറൽ ഗ്യാസ് കോർപ്പറേഷനും ഈ നീക്കം ഗുണകരമായേക്കാമെന്നാണ് വിലയിരുത്തൽ. വെനസ്വേലയിലെ സാൻ ക്രിസ്റ്റോബൽ പ്രോജക്റ്റിൽ നിന്ന് 500 മില്യൺ ഡോളറിലധികം കുടിശ്ശിക ഒഎൻജിസിക്ക് ലഭിക്കാനുണ്ട്. യുഎസ് ഇടപെടലോടെ ഈ തുക തിരിച്ചുപിടിക്കാനുള്ള സാധ്യത വർധിച്ചു. ആഗോളതലത്തിൽ എണ്ണവില സ്ഥിരമായി നിൽക്കുന്നതും മെച്ചപ്പെട്ട വിതരണ ശൃംഖലകളും റിലയൻസിന് ഹ്രസ്വഇടക്കാലയളവിൽ നേട്ടമാകുമെന്ന് വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു.

2000കളിലും 2010കളിലും ഇന്ത്യ വെനസ്വേലൻ എണ്ണയുടെ പ്രധാന ഉപഭോക്താവായിരുന്നു. എന്നാൽ, യുഎസ് ഉപരോധങ്ങളെത്തുടർന്ന് 2019 മുതൽ ഉഭയകക്ഷി വ്യാപാരത്തിൽ വലിയ ഇടിവുണ്ടായി.

ഉപരോധം ഭയന്ന് ഇന്ത്യ എണ്ണ ഇറക്കുമതി കുറച്ചു. 2024 സാമ്പത്തിക വർഷത്തിൽ വെനസ്വേലയിൽ നിന്നുള്ള ഇന്ത്യയുടെ അസംസ്കൃത എണ്ണ ഇറക്കുമതി 1.4 ബില്യൺ ഡോളറായിരുന്നു. 2025ലാകട്ടെ 81.3% ഇടിഞ്ഞ് 255.3 മില്യൺ ഡോളറായി.

# ടെസ്‌ലയെ മറികടന്ന് ബിവൈഡി ഒന്നാമത്

**ന്യൂയോർക്ക്:** ലോകത്ത് ഏറ്റവുമധികം വിറ്റഴിക്കപ്പെടുന്ന ഇലക്ട്രിക് കാർ എന്ന പേര് അമേരിക്കൻ ശതകോടീശ്വരൻ ഇലോൺ മസ്കിന്റെ ടെസ്‌ലയെ മറികടന്ന് ചൈനീസ് കമ്പനിയായി ബിവൈഡി സ്വന്തമാക്കി. വാർഷിക വില്പനയിൽ ടെസ്‌ലയെ പിന്നിലാക്കി ചരിത്രത്തിൽ ആദ്യമായാണ് ബിവൈഡിക്ക് ഒന്നാമതെത്തുന്നത്.

2025ൽ കാർ വില്പനയിൽ വലിയ ഇടിവാണ് ടെസ്‌ലയ്ക്കുണ്ടായത്. കഴിഞ്ഞ വർഷം വില്പനയിൽ ഒമ്പത് ശതമാനത്തിന്റെ കുറവാണ് രേഖപ്പെടുത്തിയത്. ആകെ വിറ്റ ഇവികളുടെ എണ്ണം 16.4 ലക്ഷം ആണ്. തുടർച്ചയായ രണ്ടാം വർഷമാണ് വില്പനയിൽ കുറവുണ്ടാകുന്നത്.

2025ൽ ബിവൈഡിക്ക് കൂടിയ വില്പന നടന്നു. വില്പനയിൽ 28 ശതമാനത്തിന്റെ വർധനയുണ്ടായി. ആകെ 22.5 ലക്ഷം വാഹനങ്ങളാണ് ലോകവ്യാപകമായി വിറ്റത്. ടെസ്‌ലയെ അപേക്ഷിച്ച് വില കുറവാണെന്നത് ചൈനീസ് കമ്പനിക്ക് അനുകൂലമായി.

പ്രീമിയം ഉപയോക്താക്കൾ മാത്രം ടെസ്‌ല കാറുകളിലേക്ക് തിരിയുമ്പോൾ എല്ലാത്തരം വാഹനപ്രേമികളെയും ആകർഷിക്കാൻ ബിവൈഡിക്ക് സാധിക്കുന്നു.

2025ലെ അവസാന മൂന്നു മാസങ്ങളിൽ ടെസ്‌ലയുടെ വില്പനയിലുള്ള കുറവ് 16 ശതമാനമാണ്. 2026ൽ ടെസ്‌ലയുടെ വില്പന കുറയുമെന്നാണ് വാൾസ്ട്രീറ്റ് അനലിസ്റ്റുകളുടെ നിഗമനം.

ചൈനീസ് കമ്പനികളായ ഗിലി, എംജി, ബിവൈഡി എന്നിവ കാറുകൾക്ക് വില കുറച്ചുകൊണ്ട് ടെസ്‌ല ഉൾപ്പെടെയുള്ള പാശ്ചാത്യ കമ്പനികൾക്കു വെല്ലുവിളി ഉയർത്തി. ഇതു തടയാൻ ഒക്ടോബറിൽ യുഎസിൽ കൂടുതൽ വിറ്റഴിക്കപ്പെട്ട രണ്ടു മോഡലുകളുടെ കുറഞ്ഞ വിലയിലുള്ള മോഡലുകളും വിപണിയിലിറക്കിയിരുന്നു.

ഇവയ്ക്കും വില്പനയിൽ മെച്ചമുണ്ടാക്കാനായില്ല.






# ഇന്നത്തെ പരിപാടികൾ

**അങ്കമാലി:** മുക്കന്നൂർ സേക്രഡ് ഹാർട്ട് ഓർഫനേജ് ഹൈസ്കൂൾ: വാർഷികഘോഷം 'ഹൃദയോത്സവ്'- ഉദ്ഘാടനം ജുഡീഷ്യൽ അക്കാദമി ഡയറക്ടർ കെ എൻ സുജിത്-വൈകീട്ട് 4ന്.

**തൃപ്പൂണിത്തുറ:** കത്തീഡ്രലിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള ഗ്രൗണ്ടിൽ: കരിങ്ങാച്ചിറ കാർണിവൽ-പകൽ 2 മണി മുതൽ രാത്രി 10 വരെ.

**വൈപ്പിൻ:** മാനാട്ട്പറമ്പ് തിരുഹൃദയ ദേവാലയ: വൈപ്പിൻ ബൈബിൽ കൺവൻഷൻ സമാപനം-വൈകുന്നേരം അഞ്ചു മുതൽ രാത്രി 8.30.

**കളമശേരി:** എസ് സി എസ് മേനോൻ ഹാൾ: ഫാക്ട് എംപ്ലോയീസ് അസോസിയേഷൻ (എഫ്ഇഎ) നടത്തിയ ചെറുത്തുനിൽപ്പിന്റെ അമ്പതാംവാർഷികം എസ് സി എസ് മേനോൻ ഹാൾ വച്ച് രാവിലെ 10 മണിക്ക് സംഘടിപ്പിക്കുന്നു.

**കൊച്ചി:** ഭാരതീയ വിദ്യാഭവൻ സർദാർ പട്ടേൽ സഭാഗൃഹത്തിൽ ഏഴാമത് കുലപതി ഡോ. കെ.എം മുൻഷി മെമ്മോറിയൽ പ്രഭാഷണം - വൈകീട്ട് 5 മണിക്ക് നടക്കും.

## പിഎച്ച്.ഡി. പ്രവേശനം

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ വിവിധ വകുപ്പുകളിലായി നിലവിലുള്ള 35 ഒഴിവുകളിലേക്ക് പിഎച്ച്.ഡി. പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. സംസ്കൃതം സാഹിത്യം, സംസ്കൃതം വ്യാകരണം, സംസ്കൃതം വേദാന്തം, സംസ്കൃതം ന്യായം, സംസ്കൃതം ജനറൽ, ഹിന്ദി, ഹിസ്റ്ററി, ഇംഗ്ലീഷ്, കംപാരറ്റീവ് ലിറ്ററേച്ചർ, ഫിസിക്കൽ എഡ്യൂക്കേഷൻ എന്നീ വിഭാഗങ്ങളിലായി ഓപ്പൺ വിഭാഗത്തിൽ 22ഉം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ 13ഉം സീറ്റുകളാണുള്ളത്. പ്രവേശന പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പ്. പ്രവേശന പരീക്ഷകൾ ജനുവരി 12നും അഭിമുഖം ജനുവരി 22നും നടക്കും. താല്പര്യമുള്ളവർ ജനുവരി 6നകം www.ssus.ac.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ് കേരള) ഒറ്റപ്പാലം ലക്കിടിയിൽ നടത്തുന്ന ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് അഡ്വാൻസ്ഡ് ട്രെയിനിംഗ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ഡിസംബർ 4 വരെ അപേക്ഷകൾ സമർപ്പിക്കാം. താൽപര്യമുള്ളവർ forms.gle/THbV5Su474kNiTpCA എന്ന ലിങ്ക് മുഖേന അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. ഫോൺ : 9495999667, 9895967998

## മുട്ടടയിൽ പാത്ത് 2026 തൊഴിൽമേള സംഘടിപ്പിച്ചു

**തിരുവനന്തപുരം:** ഐ.എച്ച്.ആർ.ഡി. റീജിയണൽ സെന്ററും മുട്ടട ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളും സംയുക്തമായി പാത്ത് 2026 തൊഴിൽമേള സംഘടിപ്പിച്ചു. അഡ്വ. വി.കെ. പ്രശാന്ത് എം.എൽ.എ മേള ഉദ്ഘാടനം ചെയ്തു. ഇച്ഛാശക്തിയോടെ അവസരങ്ങൾ പ്രയോജനപ്പെടുത്തി തൊഴിൽ നേടാൻ ഉദ്യോഗാർത്ഥികൾ തയ്യാറാകണമെന്ന് പ്രശാന്ത് പറഞ്ഞു. ഐ.എച്ച്.ആർ.ഡി. ഡയറക്ടർ ഡോ. വി.എ. അരുൺകുമാർ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.ഐ.സി.ഐ.സി.ഐ ബാങ്ക്, എസ്.ബി.ഐ ലൈഫ്, ഇൻവോ മീഡിയ, ട്രയോനെറ്റ് ഇൻഫോ സൊല്യൂഷ്യൻസ് തുടങ്ങി പ്രമുഖരായ പത്തോളം തൊഴിൽദാതാക്കളാണ് മേളയിൽ പങ്കെടുത്തത്. 289 പേർ തൊഴിൽമേളയിൽ പങ്കെടുത്തു. വാർഡ് കൗൺസിലർമാരായ ബി. സുഭാഷ്, വൈഷ്ണ സുരേഷ്, അനിത അലക്സ്, പ്രിൻസിപ്പാൾ ഡോ.വി ഐഷ, മുട്ടട ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ ടി.കെ ആനന്ദകുട്ടൻ, ഐ.എച്ച്.ആർ.ഡി. ഉദ്യോസ്ഥരായ ഡോ. പി ലത, ഡോ. മനോജ് റേ, കെ സിന്ധു, പ്ലേസ്മെന്റ് ഓഫീസർ എം ഗോകുൽ എച്ച്.ഒ.ഡി സുർജിത്ത് രാജ് എന്നിവർ പങ്കെടുത്തു.

## പൊലീസ് കോൺസ്റ്റബിൾ കായികക്ഷമതാ പരീക്ഷ

**ആലപ്പുഴ:** പൊലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ (ട്രെയിനി) കെ.എ.പി (കാറ്റഗറി നം.740/2024) തസ്തികയ്ക്കായി, ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവെടുപ്പും കായികക്ഷമതാ പരീക്ഷയും ജനുവരി 6,7,8,9 (നാല് പ്രവൃത്തി ദിവസങ്ങൾ) തീയതികളിൽ രാവിലെ ആറ് മണി മുതൽ ചേർത്തല മൈക്കിൾസ് കോളേജ് ഗ്രൗണ്ടിൽ നടത്തപ്പെടും. ഉദ്യോഗാർത്ഥികൾക്ക് എസ്.എം.എസ് മുഖേനയും ഒ.റ്റി.ആർ പ്രൊഫൈൽ വഴിയും അറിയിപ്പ് നൽകിയിട്ടുണ്ട്. ഉദ്യോഗാർഥികൾ സ്വന്തം പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്ത അഡ്മിഷൻ ടിക്കറ്റ്, സാധുവായ തിരിച്ചറിയൽ കാർഡ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത സമയത്തു തന്നെ ഹാജരാകേണ്ടതാണ്. നിശ്ചിത തീയതിയിലും സമയത്തും ഹാജരാകാത്തവർക്ക് തുടർന്ന് അവസരം നൽകുന്നതല്ല. ഫോൺ: 0477 2264134.

# ട്വന്റി20 കുടുബ സംഗമവും പുതുവത്സര ആഘോഷവും നടത്തി



പഴങ്ങനാട് വാർഡ് 16ൽ നടന്ന കുടുബ സംഗമവും പുതുവത്സര ആഘോഷങ്ങളും ഉദ്ഘാടനം ചെയ്യാൻ എത്തിയ ട്വന്റി20 പാർട്ടി ചെയർമാൻ ബോബി എം ജേക്കബിന് വാർഡ് മെമ്പർ രാധാമണി ധരണിന്ദ്രൻ കേക്ക് നൽകി സ്വീകരിക്കുന്നു.

**കിഴക്കമ്പലം :** ട്വന്റി 20 കുടുബ സംഗമവും പുതുവത്സര ആഘോഷവും മാളേക്കമോളം വാർഡ് 16ൽ ട്വന്റി 20 പാർട്ടി സംസ്ഥാന ചെയർമാൻ ബോബി എം ജേക്കബ് കേക്ക് മുറിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു.

വാർഡ് 16 ൽ കപ്പേള പടിയിൽ നടന്ന ചടങ്ങിൽ കടുത്ത മത്സരം നടന്ന വാർഡിൽ (ഭൂരിപക്ഷം 67 മൂന്ന് തുടർ വിജയം) നേടിയതിലുള്ള സന്തോഷവും അറിയിക്കുന്നതോടൊപ്പം വാർഡ് മെമ്പർ രാധാമണിയെയും പ്രവർത്തകരെയും ബോബി എം ജേക്കബ് അഭിനന്ദിച്ചു. തുടർന്ന് കിഴക്കമ്പലം ഗ്രാമ പഞ്ചായത്തിൽ നിന്ന് വിജയിച്ച എല്ലാം മെമ്പർമാരെയും ചടങ്ങിൽ ആദരിച്ചു. കലാപരിപാടികളും സ്നേഹ വിരുന്നും നടന്നു.

ചടങ്ങിൽ ട്വന്റി 20 ബോർഡ് മെമ്പർമാരായ അഗസ്റ്റിൻ ആന്റണി സനകൻ പി.പി. സെന്റ് അഗസ്റ്റിൻ പള്ളി വികാരി റവ. ഫാ. സെബാസ്റ്റ്യൻ നാഴിയമ്പാറ, മുൻ16-ാം വാർഡ് മെമ്പറും കുന്നത്തുനാട് നിയോജകമണ്ഡലം സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ജെനീസ് പി. കാച്ചപ്പിള്ളി നിയോജക മണ്ഡലം കമ്മറ്റി മെമ്പർ ബേബി പാത്തികുളങ്ങര, മാളേക്കമോളം 16വാർഡ് പ്രസിഡന്റ് അഗസ്റ്റിൻ വി.എ വാർഡ് മെമ്പർ രാധാമണി ധരണീന്ദ്രൻഎന്നിവർ സംസാരിച്ചു.

# നെല്ല് സംഭരണം സുഗമമാക്കുന്നതിന് സഹകരണ മേഖല സജീവമായി ഇടപെടുമെന്ന് വാസവൻ

**ആലപ്പുഴ:** കുട്ടനാട് ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ നെല്ല് സംഭരണം സുഗമമാക്കുന്നതിന് സഹകരണ മേഖല സജീവമായി ഇടപെടൽ നടത്തുമെന്നും ഇത് കർഷകർക്ക് വലിയ ആശ്വാസമാകുമെന്നും തുറമുഖസഹകരണദേവസ്വം വകുപ്പ് മന്ത്രി വി.എൻ. വാസവൻ പറഞ്ഞു.

എഴുപത്തിരണ്ടാമത് അഖിലേന്ത്യാ സഹകരണ വാരാഘോഷത്തിന്റെ സംസ്ഥാനതല സമാപന സമ്മേളനം ആലപ്പുഴ റമദയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

രണ്ട് സഹകരണ സംഘങ്ങൾ 'നെല്ല് സംഭരണ സംസ്കരണ വിപണന സംഘങ്ങൾ' എന്ന രീതിയിൽ സംഘടിപ്പിക്കും. ഇവയിൽ ഒരെണ്ണം കോട്ടയത്തും രണ്ടാമത്തേത് പാലക്കാടും പ്രവർത്തനം ആരംഭിക്കും. കോട്ടയത്തെ ഈ സംരംഭം മാർച്ചിൽ ഉദ്ഘാടനം ചെയ്യാൻ പറ്റുമെന്ന് പ്രതീക്ഷിക്കുന്നതായി മന്ത്രി പറഞ്ഞു.

ആധുനിക കാലഘട്ടത്തിലെ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് എല്ലാ രംഗത്തും മുന്നേറ്റം നടത്താൻ സഹകരണ മേഖലയ്ക്ക് സാധിച്ചു. ഉല്പാദന, സേവന, പശ്ചാത്തല വികസന മേഖലകളിൽ ഒരുപോലെ ഇടപെട്ടുകൊണ്ട് അന്തർദേശീയ തലത്തിൽ വരെ ശ്രദ്ധയാകർഷിക്കാൻ കേരളത്തിന്റെ സഹകരണ മേഖലയ്ക്ക് സാധിച്ചു.

സഹകരണ പ്രസ്ഥാനങ്ങൾ ജനജീവിതവുമായി ബന്ധപ്പെട്ട എല്ലാ മേഖലയിലും നിറസാന്നിധ്യമായി മാറിയിരിക്കുന്നു. ഉല്പാദന രംഗത്ത് ഇന്ന് സഹകരണ സംഘങ്ങൾ 400ൽ പരം ഉല്പന്നങ്ങളാണ് നിർമ്മിക്കുന്നത്. കൂടാതെ കാർഷിക വിഭവങ്ങൾ അമേരിക്ക, യൂറോപ്പ്, ഗൾഫ് എന്നിവിടങ്ങളിലേക്ക് കയറ്റുമതി ചെയ്യാനും സാധിച്ചു. സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പ്രവാസികളുടെ തരിശായിക്കിടക്കുന്ന ഭൂമി നിശ്ചിത കാലത്തേക്ക് കൃഷി ചെയ്യുന്ന പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു.

മുൻ എം.എൽ.എയും കേരള സംസ്ഥാന സഹകരണ യൂണിയൻ ചെയർമാനുമായ കോലിയക്കോട് എൻ. കൃഷ്ണൻ നായർ അധ്യക്ഷത വഹിച്ചു. എം.എൽ.എമാരായ പി.പി. ചിത്തരഞ്ജൻ, എച്ച്. സലാം, സഹകരണ സംഘം രജിസ്ട്രാർ ഡോ. ഡി. സജിത് ബാബു, കേരളാ സ്റ്റേറ്റ് കോഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ് പി. മോഹനൻ മാസ്റ്റർ, സഹകരണ ഓഡിറ്റ് ഡയറക്ടർ എം.എസ്. ഷെറിൻ, സംസ്ഥാന സഹകരണ യൂണിയൻ ഭരണസമിതിയംഗങ്ങളായ എ.ഡി. കുഞ്ഞച്ചൻ, ടി.കെ. ദേവകുമാർ, കെ. രാജഗോപാൽ, കെ.എം. രാധാകൃഷ്ണൻ, വി.എം. ശശി, എസ്. സാബു, ഇ.എൻ. രവീന്ദ്രൻ, എൻ.കെ. രാമചന്ദ്രൻ, വി.വി. ബേബി, പി.ജി. ഗോപകുമാർ, സി.വി. ശശീന്ദ്രൻ, കെ.എം. ഉഷ, അഡീഷണൽ രജിസ്ട്രാർ എം.പി. രജിത്കുമാർ, ആലപ്പുഴ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റ് ആർ. നാസർ, ആലപ്പുഴ ജോയിന്റ് രജിസ്ട്രാർ (ജനറൽ) വി.കെ. സുബിന, വിവിധ സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാരായ എ.എസ്. സാബു, വി.എൻ. വിജയകുമാർ, എം.ടി. ചന്ദ്രൻ, എസ്. നസീം, കെ. മധുസൂദനൻ, എം. ശശികുമാർ തുടങ്ങിയവർ പങ്കെടുത്തു.

തുടർന്ന് നടന്ന 'നവകേരള നിർമിതിയിൽ സഹകരണ പ്രസ്ഥാനത്തിന്റെ പങ്ക്' എന്ന വിഷയത്തിലുള്ള സെമിനാറിൽ ഐ.സി.എം. ഡയറക്ടർ ഡോ. സക്കീർ ഹുസൈൻ വിഷയാവതരണം നടത്തി.

# സംസ്ഥാന കേരളോത്സവം ആലപ്പുഴയിൽ

**ആലപ്പുഴ:** പതിനേഴ് വർഷങ്ങൾക്ക് ശേഷം ആലപ്പുഴ ആതിഥ്യം വഹിക്കാൻ പോകുന്ന കേരളോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനും വിജയത്തിനുമായി സംഘാടക സമിതി രൂപീകരിച്ചു.

ആലപ്പുഴ എൻ.ജി.ഒ. യൂണിയൻ ഹാളിൽ നടന്ന യോഗം എച്ച്. സലാം എം.എൽ.എ. ഉദ്ഘാടനം ചെയ്തു. പി.പി. ചിത്തരഞ്ജൻ എം.എ.ൽ.എ. മുഖ്യാതിഥിയായി. ജില്ലാ കോഡിനേറ്റർ ജെയിംസ് സാമുവൽ സംഘാടക സമിതി രൂപീകരണ ഘടന അവതരിപ്പിച്ചു.

മുഖ്യമന്ത്രിയാണ് സംഘാടക സമിതിയുടെ മുഖ്യ രക്ഷാധികാരി. സമിതിയുടെ അധ്യക്ഷൻ യുവജനകാര്യ വകുപ്പ് മന്ത്രിയും, രക്ഷാധികാരികൾ പ്രതിപക്ഷ നേതാവ്, കേരളോത്സവം നടക്കുന്ന ജില്ലയിലെ എം.പി.മാർ, എം.എൽ.എ.മാർ എന്നിവരുമാണ്. വർക്കിങ് ചെയർമാന്മാരായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, യുവജന ക്ഷേമ ബോർഡ് ഉപാധ്യക്ഷൻ എന്നിവരും 251 എക്സിക്യൂട്ടീവ് അംഗങ്ങളും 1001 ജനറൽ കമ്മിറ്റി അംഗങ്ങളും ഉൾപ്പെടുന്നതാണ് സംഘാടക സമിതി. കേരള സംസ്ഥാന യുവജന ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന കേരളീയ യുവത്വത്തിന്റെ കലാമേളയായ കേരളോത്സവത്തിൽ ആയിരക്കണക്കിന് യുവജനങ്ങൾ പങ്കെടുക്കും. ഇതിന്റെ സംസ്ഥാനതല മത്സരങ്ങൾ ജില്ലയിൽ ഫെബ്രുവരി രണ്ടാം വാരം സംഘടിപ്പിക്കും.

യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ വി.കെ. സനോജ് അധ്യക്ഷത വഹിച്ചു.

# എറണാകുളം ശ്രീഅയ്യപ്പൻ കോവിലിൽ മകരവിളക്ക് മഹോത്സവം 9 മുതൽ

**കൊച്ചി:** എറണാകുളം അയ്യപ്പൻകാവ് ശ്രീഅയ്യപ്പൻ കോവിലിൽ മകരവിളക്ക് മഹോത്സവം ജനുവരി 9 മുതൽ 15 വരെ നടക്കും. ജനുവരി ഒൻപതിന് രാത്രി 9 നും 9.30 നും മദ്ധ്യേ കെ ജി ശ്രീനിവാസൻ തന്ത്രികളുടെ മുഖ്യ കാർമികത്വത്തിൽ തൃക്കൊടിയേറ്റ്. തുടർന്ന് പുഷ്പാഭിഷേകം. രാത്രി പത്തിന് കഥകളി, പത്തരയ്ക്ക് അത്താഴപൂജ. ക്ഷേത്രമൈതാനിയിൽ രാത്രി ഒൻപതിന് പുരാണ നൃത്തനാടകം.

10 ന് പുലർച്ചെ നാലിന് പള്ളിയുണർത്തൽ, അഞ്ചിന് നിർമാല്യം. രാവിലെ അഞ്ചര മുതൽ ഉഷപൂജ, ഏഴിന് ഗുഡാന്ന പൂജ. വൈകിട്ട് ഏഴിന് ദീപാരാധന. ക്ഷേത്രാങ്കണത്തിൽ രാവിലെ ഏഴിന് നാരായണീയ പാരായണം. ഉച്ചയ്ക്ക് രണ്ടിന് അയ്യപ്പചരിത പാരായണം, രാത്രി ഒൻപതരയ്ക്ക് തോൽപ്പാവക്കൂത്ത്. ക്ഷേത്രമൈതാനിയിൽ രാത്രി ഏഴിന് നാടൻപാട്ട്.

11 ന് രാവിലെ പതിവ് ക്ഷേത്ര ചടങ്ങുകൾക്ക് പുറമെ ക്ഷേത്രാങ്കണത്തിൽ രാവിലെ ഒൻപതിന് ഭക്തിഗാന തരംഗിണി, ഉച്ചയ്ക്ക് രണ്ടിന് അയ്യപ്പചരിത പാരായണം, പതിനൊന്നരയ്ക്ക് മധ്യാഹ്ന പൂജ തുടർന്ന് പുഷ്പാഭിഷേകം. വൈകിട്ട് അഞ്ചരയ്ക്ക് സംഗീതാർച്ചന. രാത്രി ഏഴിന് താലം വരവ്. ഏഴരയ്ക്ക് കളരിപ്പയറ്റ്. ക്ഷേത്രമൈതാനിയിൽ രാത്രി ഏഴരയ്ക്ക് നാടകം.

12 ന് ക്ഷേത്ര ചടങ്ങുകൾക്ക് പുറമെ രാവിലെ എട്ടിന് സോപാന സംഗീതം, വൈകിട്ട് അഞ്ചരയ്ക്ക് കൂടിയാട്ടം, രാത്രി ഏഴിന് താലം വരവ്. ക്ഷേത്രമൈതാനിയിൽ രാത്രി ഏഴരയ്ക്ക് ഗാനമേള. ക്ഷേത്രാങ്കണത്തിൽ രാത്രി ഒൻപതരയ്ക്ക് ഇരട്ട തായമ്പക.

13 ന് രാവിലെ ഏഴിന് ക്ഷേത്രാങ്കണത്തിൽ മൂന്ന് ഗജവീരന്മാരുടെ അകമ്പടിയോടെ പഴുവിൽ രഘു മാരാരുടെ പ്രമാണിത്തത്തിൽ 51 ൽ പരം കലാകാരൻമാർ പങ്കെടുക്കുന്ന പഞ്ചാരിമേളത്തോടെയുള്ള കാഴ്ച ശീവേലി. ഉച്ചയ്ക്ക് പന്ത്രണ്ടിന് ശീതങ്കൻ തുള്ളൽ, വൈകിട്ട് അഞ്ചിന് ഓട്ടൻതുള്ളൽ, ആറിന് സംഗീത കച്ചേരി. വൈകിട്ട് നാലിന് വടക്കുംഭാഗം പൂരം. രാത്രി ഏഴരയ്ക്ക് പുല്ലാങ്കുഴൽ നാദതരംഗം, വൈകിട്ട് അഞ്ചരയ്ക്ക് തിരുവാതിരക്കളി, രാത്രി പത്തിന് പഞ്ചതായംബകം, രാത്രി ഏഴരയ്ക്ക് കൈകൊട്ടിക്കളി.

14 ന് രാവിലെ ഏഴിന് ക്ഷേത്രാങ്കണത്തിൽ മൂന്ന് ഗജവീരന്മാരുടെ അകമ്പടിയോടെ പെരുവനം പ്രകാശൻ മാരാരുടെ പ്രമാണിത്തത്തിൽ 51 ൽ പരം കലാകാരൻമാർ പങ്കെടുക്കുന്ന പഞ്ചാരിമേളത്തോടു കൂടിയ ശീവേലി. ഉച്ചയ്ക്ക് പന്ത്രണ്ടിന് സംഗീതാർപ്പണം, വൈകിട്ട് അഞ്ചിന് ചാക്യാർ കൂത്ത്, ആറരയ്ക്ക് ഭക്തിഗാന തരംഗിണി. രാത്രി എട്ടരയ്ക്ക് ഭരതനാട്യം.

ക്ഷേത്രമൈതാനിയിൽ വൈകിട്ട് നാലിന് തെക്കുംഭാഗം പൂരം, വൈകിട്ട് അഞ്ചരയ്ക്ക് തിരുവാതിരകളി, ആറിന് കൈകൊട്ടിക്കളി, ഏഴരയ്ക്ക് ഭരതനാട്യം, ആറരയ്ക്ക് നൃത്താഞ്ജലി. ക്ഷേത്രാങ്കണത്തിൽ രാത്രി പത്തിന് മെഗാഫ്യൂഷൻ വയലിൻ ആൻഡ് ഫ്ലൂട്ട്. രാത്രി പന്ത്രണ്ടിന് പള്ളിവേട്ട എഴുന്നള്ളിപ്പ്.

15 ന് ആറാട്ട് മഹോത്സവം നടക്കും. രാവിലെ അഞ്ചിന് പള്ളിയുണർത്തൽ, 5.15 മുതൽ അഭിഷേകം, 5.45 ന് ഉഷപൂജ, 6.45 ന് ഗജപൂജ, ആനയൂട്ട്, ഏഴിന് ഗുഡാന്നപൂജ. എട്ട് മണിക്ക് പഞ്ചാരിമേളത്തോടെയുള്ള കാഴ്ച ശീവേലി. പതിനൊന്നരയ്ക്ക് നവകാലശാഭിഷേകം. വൈകിട്ട് 7.45 ന് ദീപാരാധന. ക്ഷേത്രാങ്കണത്തിൽ വൈകിട്ട് അഞ്ചരയ്ക്ക് സോപാനസംഗീതം, ആറരയ്ക്ക് ഡാൻസസ് ഓഫ് ഇന്ത്യ. ക്ഷേത്രമൈതാനിയിൽ വൈകിട്ട് നാലിന് പകൽപ്പൂരം. പാമ്പാടി രാജൻ അടക്കം ഏഴ് ഗജവീരന്മാരുടെ അകമ്പടിയോടെ ക്ഷേത്രമൈതാനിയിൽ നിന്ന് ആരംഭിക്കും.

അവസാന ദിവസമായ 16 ന് വെളുപ്പിന് രണ്ടരയ്ക്ക് ആറാട്ട് പുറപ്പാട് തുടർന്ന് ആറാട്ടെഴുന്നള്ളിപ്പ്. രാവിലെ ആറരയ്ക്ക് കൊടിയിറക്കൽ, മംഗളപൂജ. എല്ലാ ദിവസവും ഉച്ചയ്ക്ക് 12 മുതൽ ഒന്നര വരെ പ്രസാദ ഊട്ട് ഉണ്ടായിരിക്കുമെന്ന് ശ്രീനാരായണ ധർമ സമാജം പ്രസിഡന്റ് സി എം ശോഭനൻ, സെക്രട്ടറി പി ഐ രാജീവ്, ദേവസ്വം മാനേജർ ഇ രാജീവൻ എന്നിവർ അറിയിച്ചു.



എളവൂർ സെന്റ് മേരീസ് ദേവാലയത്തിലെ ശതോത്തര രജത ജൂബിലി ആഘോഷങ്ങളുടെ സമാപനം എറണാകുളം അങ്കമാലി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം നിർവഹിക്കുന്നു. വികാരി ഫാ. മാത്യു ഈരാളി, ഫെറോന വികാരി റവ. ഫാ. സേവ്യർ തേലക്കാട്ട്, പ്രശസ്ത പിന്നണി ഗായകൻ മധു ബാലകൃഷ്ണൻ, പരസ്യചിത്ര സംവിധായകനും നടനുമായ സിജോയ് വർഗീസ് എന്നിവർ സമീപം.

# എളവൂർ സെന്റ് മേരീസ് ദേവാലയത്തിലെ ശതോത്തര രജത ജൂബിലി ആഘോഷങ്ങൾക്ക് സമാപനം

**എളവൂർ:** സെന്റ് മേരീസ് ദേവാലയത്തിന്റെ ശതോത്തര രജത ജൂബിലി ആഘോഷങ്ങളുടെ സമാപനം എറണാകുളം അങ്കമാലി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. ജൂബിലി സ്മാരകമായി നിർമ്മിച്ച പുതിയ പാരിഷ് ഹാളിന്റെ ആശീർവാദകർമ്മവും മാർ ജോസഫ് പാംപ്ലാനി നിർവഹിച്ചു. പള്ളി വികാരി ഫാ. മാത്യു ഈരാളി അധ്യക്ഷത വഹിച്ചു. പ്രശസ്ത പിന്നണി ഗായകൻ മധു ബാലകൃഷ്ണനെ ചടങ്ങിൽ ആദരിച്ചു. ഒരു വർഷം നീണ്ടുനിന്ന ആഘോഷ പരിപാടികൾക്കാണ് സമാപനമായത്. ഇടവകയിൽ സേവനമനുഷ്ഠിച്ച വികാരിമാരുടെ മുഖ്യകാർമ്മികത്വത്തിൽ കൃതജ്ഞത ബലി കർമ്മവും നടന്നു. പരസ്യചിത്ര സംവിധായകനും നടനുമായ സിജോയ് വർഗീസ് ചടങ്ങിൽ മുഖ്യസന്ദേശം നൽകി. ഫെറോന വികാരി റവ. ഫാ. സേവ്യർ തേലക്കാട്ട് അനുഗ്രഹ സന്ദേശം നൽകി. സമാപനത്തോടനുബന്ധിച്ച് വിശ്വാസ പ്രഖ്യാപന റാലിയും സ്നേഹവിരുന്നും സംഗീതസന്ധ്യയും സംഘടിപ്പിച്ചു. ആഘോഷങ്ങളുടെ ഭാഗമായി തയ്യാറാക്കിയ ജൂബിലി ഗാനം മധു ബാലകൃഷ്ണൻ ആലപിച്ചു.

ചടങ്ങിൽ കൈക്കാരന്മാരായ രാജേഷ് വർഗീസ് ചിരകത്തിൽ, മാർട്ടിൻ വർഗീസ് പാത്താടൻ, സുബോധന അങ്കമാലി ഡയറക്ടർ ഫാ. ജോസഫ് പാത്താടൻ, പഞ്ചായത്ത് അംഗങ്ങളായ ബീന രവി, ബിജു കെ സി, മാർട്ടിൻ കെ ജി, ബൽക്കീസ് സലാം, മുൻ പഞ്ചായത്ത് മെമ്പർ പൗലോസ് കല്ലറക്കൽ, ജൂബിലി കൺവീനർ നിർമ്മൽ സി പാത്താടൻ, വൈസ് ചെയർമാൻ ആന്റണി കല്ലേലി, കൺവീനർ തോമസ് കല്ലേലി തുടങ്ങിയവർ പ്രസംഗിച്ചു.



# ഓർമ്മകളുടെ മഹാരാജാസ്; അക്ഷരമുറ്റത്ത് വീണ്ടും വസന്തം തീർത്ത് പൂർവ്വ വിദ്യാർത്ഥി സംഗമം

**കൊച്ചി:** കാലം മായ്ക്കാത്ത ഓർമ്മകളും, മായാത്ത കലാലയ സ്നേഹവുമായി അവർ വീണ്ടുമെത്തി. മഹാരാജാസ് കോളേജിന്റെ ശതോത്തര സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ നിറവിൽ, മലയാള വിഭാഗം സംഘടിപ്പിച്ച പൂർവ്വ വിദ്യാർത്ഥി സംഗമം തലമുറകളുടെ അപൂർവ്വ സംഗമവേദിയായി.

ഇംഗ്ലീഷ് മെയിൻ ഹാളിൽ നടന്ന ചടങ്ങ്, മഹാരാജാസിന്റെ ചരിത്രത്തിലെ തന്നെ വേറിട്ടൊരു അധ്യായമായി മാറി. 1925ൽ മലയാള വിഭാഗം പ്രവർത്തനം ആരംഭിച്ച കാലഘട്ടത്തെ പ്രതിനിധീകരിക്കുന്ന മുതിർന്ന തലമുറ മുതൽ, ഇക്കഴിഞ്ഞ അധ്യയന വർഷം പഠിച്ചിറങ്ങിയ ഏറ്റവും പുതിയ ബാച്ചിലെ വിദ്യാർത്ഥികൾ വരെ ഈ സ്നേഹസംഗമത്തിന്റെ ഭാഗമായി എന്നത് ചടങ്ങിന് മാറ്റുകൂട്ടി.

പഴയകാല സ്മരണകൾ പങ്കുവെക്കുന്നതിനിടെ 1958-61 ബാച്ചിലെ പൂർവ്വ വിദ്യാർത്ഥിയായ മുരളീധരൻ വേദിയിൽ വികാരഭരിതനായി. എ.കെ. ആന്റണി, വയലാർ രവി, ടി.വി.ആർ. ഷേണായി തുടങ്ങിയ പ്രമുഖർക്കൊപ്പമുള്ള കലാലയ ജീവിതവും സൗഹൃദവും അദ്ദേഹം ഓർത്തെടുത്തപ്പോൾ സദസ്സ് മുഴുവൻ ആ പഴയ കാലഘട്ടത്തിലേക്ക് തിരികെ നടന്നു.

പൂർവ്വ വിദ്യാർത്ഥിയും പിന്നീട് ഇതേ വിഭാഗത്തിലെ അധ്യാപകനുമായിരുന്ന ഡോ. ജോർജ് ഇരുമ്പയം, എം.കെ. ശശീന്ദ്രൻ, ആർ.കെ. ദാമോദരൻ, എം.വി. ബെന്നി, ഡോ. ടി.എസ്. ജോയ് തുടങ്ങിയ പ്രമുഖർ സംഗമത്തിൽ പങ്കെടുത്തു. തങ്ങളുടെ പ്രിയപ്പെട്ട കലാലയത്തെക്കുറിച്ചും മലയാളം ക്ലാസ്സിലെ അനുഭവങ്ങളെക്കുറിച്ചും അവർ വാചാലരായി.

ശിഷ്യരെ കാണാനും അനുഗ്രഹിക്കാനും പഴയകാല അധ്യാപകരും എത്തിയിരുന്നു. റിട്ടയേർഡ് അധ്യാപകരായ ഡോ. ധനലക്ഷ്മി ടീച്ചർ, ബാബുജി സാർ, മാർഗററ്റ് ജോർജ്, പി. രമാദേവി, സിൽവിക്കുട്ടി ജോസഫ്, എസ്. ജോസഫ് എന്നിവരുടെ സാന്നിധ്യം ചടങ്ങിന് ഗൃഹാതുരത്വത്തിന്റെ മധുരം പകർന്നു. പ്രിയപ്പെട്ട ഗുരുക്കന്മാരെ കണ്ടപ്പോൾ പലരുടെയും കണ്ണുകൾ ഈറനണിഞ്ഞു.

ഇംഗ്ലീഷ് മെയിൻ ഹാളിന്റെ പ്രൗഢമായ അന്തരീക്ഷത്തിൽ പഴയ തമാശകളും, ക്ലാസ് കട്ട് ചെയ്ത കഥകളും, കാമ്പസ് പ്രണയങ്ങളും വീണ്ടും ചർച്ചയായി. സൗഹൃദത്തിന്റെ മധുരം പങ്കിട്ടും, വരും കാലങ്ങളിലും ഈ കൂട്ടായ്മ നിലനിർത്തുമെന്ന ഉറപ്പു നൽകിയുമാണ് പൂർവ്വ വിദ്യാർത്ഥികൾ പടിയിറങ്ങിയത്.

കോളേജ് പ്രിൻസിപ്പാൾ ഡോ. ജി.എൻ. പ്രകാശ് അധ്യക്ഷനായ ചടങ്ങിൽ വകുപ്പ് അധ്യക്ഷ ഡോ സുമി ജോയി ഒലിയപ്പുറം, കോളേജ് ഗവേർണിംഗ് ബോഡി അംഗം ഡോ. എം എസ് മുരളി, അലൂമ്നി അസോസിയേഷൻ കോഡിനേറ്റർ സിമി കെ വിജയൻ തുടങ്ങിയവർ സംസാരിച്ചു.

# സിറ്റിസൺസ് റെസ്പോൺസ് പ്രോഗ്രാം: ഫോക്കസ് ഗ്രൂപ്പ് ചർച്ച സംഘടിപ്പിച്ചു

**ആലപ്പുഴ:** സംസ്ഥാന സർക്കാരിന്റെ ജനക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചും പുതിയ വികസന പദ്ധതികളെക്കുറിച്ചും പൊതുജനാഭിപ്രായം സ്വരൂപിക്കുന്നതിനായി സംഘടിപ്പിക്കുന്ന സിറ്റിസൺസ് റെസ്പോൺസ് പ്രോഗ്രാമിന്റെ ഭാഗമായി തൃക്കുന്നപ്പുഴ പഞ്ചായത്തിൽ കുടുംബശ്രീ പ്രവർത്തകരുമായി ഫോക്കസ് ഗ്രൂപ്പ് ചർച്ച സംഘടിപ്പിച്ചു. ഗ്രാമ പഞ്ചായത്ത് രണ്ടാം വാർഡിൽ സംഘടിപ്പിച്ച ചർച്ചയിൽ കില ബ്ലോക്ക് കോഓർഡിനേറ്റർ സി രത്നകുമാർ വിഷയാവതരണം നടത്തി. കർമ്മസമിതി അംഗം അഖില വിവിധ വിഷയങ്ങളിലുള്ള കുടുംബശ്രീ പ്രവർത്തകരുടെ അഭിപ്രായങ്ങൾ ശേഖരിച്ചു. സർക്കാരിന്റെ ക്ഷേമ പദ്ധതികൾ ജനോപകാരപ്രദമാണെന്ന അഭിപ്രായമാണ് പൊതുവെ ഉയർന്നത്. ക്ഷേമ പെൻഷനുകൾ എല്ലാ മാസവും അഞ്ചാം തീയതിക്ക് മുമ്പ് ലഭ്യമാക്കിയാൽ കൂടുതൽ ഉപകാരപ്രദമാകുമെന്ന അഭിപ്രായവും ചർച്ചയിൽ ഉയർന്നു. പരമ്പരാഗത വ്യവസായമായ കയർമേഖലയെ കൂടുതൽ ആധുനികവത്ക്കരിച്ചുകൊണ്ടും പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചുകൊണ്ടും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കണമെന്ന അഭിപ്രായവും കുടുംബശ്രീ പ്രവർത്തകർ മുന്നോട്ടുവെച്ചു. മണ്ഡല സമിതി അംഗം ടി എസ് അരുൺ കുമാർ ചർച്ചക്ക് നേതൃത്വം നൽകി.

സിറ്റിസൺസ് റെസ്പോൺസ് പ്രോഗ്രാമിന്റെ ഭാഗമായി തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ഗൃഹസന്ദർശനത്തിനും തുടക്കമായി. സ്വപ്രയത്നം കൊണ്ട് ഒരേക്കറിലധികം വരുന്ന ഭൂമി കൃഷിയോഗ്യമാക്കി സമ്മിശ്ര കൃഷിയിലൂടെ ശ്രദ്ധേയനായ, മികച്ച കർഷകനുള്ള അംഗീകാരം നിരവധിതവണ നേടിയ തൃക്കുന്നപ്പുഴ പഞ്ചായത്ത് രണ്ടാം വാർഡ് രാജീവ് ഭവനത്തിൽ പുരുഷന്റെ വസതിയിൽ നിന്നാണ് ഗൃഹസന്ദർശനത്തിന് തുടക്കം കുറിച്ചത്.

# ആവേശമായി വാഴ 2 എത്തുന്നു

സോഷ്യൽ മീഡിയയിലെ യുവതാരങ്ങൾക്ക് പ്രാധാന്യം നൽകി ഒരുക്കിയ 'വാഴ' എന്ന ചിത്രത്തിന്റെ രണ്ടാം ഭാഗമായ വാഴ II ബയോപിക് ഓഫ് ബില്യൺ ബ്രോസ് എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസ് ചെയ്തു. നവാഗതനായ സവിൻ, സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിന്റെ തിരക്കഥയും സംഭാഷണവും വിപിൻ ദാസിന്റേതാണ്.

ഹാഷിർ, അമീൻ തുടങ്ങിയ ഒരുപറ്റം യുവതാരങ്ങളോടൊപ്പം സുധീഷ്, വിജയ് ബാബു, അജു വർഗീസ്, അരുൺ, അൽഫോൻസ് പുത്രൻ, വിനോദ് കെടാമംഗലം തുടങ്ങിയ പ്രമുഖരും ചിത്രത്തിൽ അഭിനയിക്കുന്നു. WBTS പ്രൊഡക്ഷൻസ്, ഇമാജിൻ സിനിമാസ്, സിഗ്നേച്ചർ സ്റ്റുഡിയോസ്, ഐക്കൺ സ്റ്റുഡിയോസ്, ഷൈൻ സ്ക്രീൻസ് എന്നീ ബാനറുകളിലായി വിപിൻ ദാസ്, ഹാരിസ് ദേശം, സാഹു ഗാരപാട്ടി, പി.ബി. അനീഷ്, ആദർശ് നാരായൺ എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്.

അഖിൽ ലൈലാസുരൻ ആണ് ഛായാഗ്രഹണം നിർവഹിക്കുന്നത്. എഡിറ്റർ കണ്ണൻ മോഹൻ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ കനിഷ്ക ഗോപി ഷെട്ടി, പ്രൊഡക്ഷൻ കൺട്രോളർ റിന്നി ദിവാകർ, കല ബാബു പിള്ള, മേക്കപ്പ് സുധി സുരേന്ദ്രൻ, കോസ്റ്റ്യൂംസ് അശ്വതി ജയകുമാർ, സ്റ്റിൽസ് ബിജിത്ത് ധർമ്മടം, പരസ്യകല യെല്ലോ ടൂത്ത്സ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ രജിവൻ അബ്ദുൾ ബഷീർ, സൗണ്ട് ഡിസൈനർ അരുൺ എസ്. മണി, ആക്ഷൻ കലൈ കിംഗ്സൺ, വിക്കി നന്ദഗോപാൽ, ഡിഐ ജോയ്നർ തോമസ്, ടൈറ്റിൽ ഡിസൈൻ സാർക്കാസനം, സൗണ്ട് ഡിസൈൻ വിഷ്ണു സുജാതൻ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് അനീഷ് നന്തിപുലം, പ്രൊമോഷൻ കൺസൾട്ടന്റ് വിപിൻ കുമാർ, ടെൻ ജി മീഡിയ, പി.ആർ.ഒ എസ്. ദിനേശ്. വേനലവധി റിലീസായി ഐക്കൺ സിനിമാസ് ചിത്രം തിയേറ്ററുകളിൽ എത്തിക്കും.




# കണിമംഗലം കോവിലകം

മലയാളത്തിലെ ഹിറ്റ് വെബ് സീരീസ് 'കണിമംഗലം കോവിലകം' സിനിമയാകുന്നു എന്ന വാർത്തകൾക്കും ചിത്രത്തിന്റെ പ്രൊമോ ഗാനങ്ങൾക്കും തൊട്ട് പിന്നാലെയിതാ ചിത്രത്തിന്റെ ട്രെയിലറും ഇപ്പോൾ പുറത്ത് വന്നിരിക്കുകയാണ്. തീപ്പൊരി ബെന്നി എന്ന ചിത്രത്തിലൂടെ ശ്രദ്ധേയനായ സംവിധായകൻ രാജേഷ് മോഹൻ രചനയും സംവിധാനവും നിർവഹിക്കുന്ന 'കണിമംഗലം കോവിലകം' എന്ന പേരിൽ തന്നെ പുറത്ത് വരുന്ന ചിത്രത്തിന്റെ ട്രെയിലർ, യുവത്വത്തിന്റെ കഥയാണ് ചിത്രം പറയുന്നത് എന്ന സൂചനയോടെയാണ് അവതരിപ്പിച്ചിരിക്കുന്നത്.

കോളേജ് ഹോസ്റ്റൽ ജീവിതവും സൗഹൃദത്തിന്റെ നിമിഷങ്ങളും ചേർന്ന ട്രെയിലർ ഒരു പൂർണ്ണ ഫൺ റൈഡ് ആകുമെന്ന പ്രതീക്ഷയാണ് നൽകുന്നത്. അതോടൊപ്പം ഇതൊരു ഹൊറർ,കോമഡി ജോണറിലുള്ള സിനിമയാണെന്ന സൂചനയും ട്രെയിലർ നൽകുന്നുണ്ട്. മുഹമ്മദ് റാഫി, അജ്മൽ ഖാൻ, അഭി കൃഷ്, ടോണി കെ ജോസ്, അനൂപ് മുടിയൻ, വിഘ്നേഷ്, സാന്ദ്ര ചാണ്ടി, അമൃത അമ്മൂസ്, ഹിഫ്രാസ്, സിജോ സാജൻ, റിഷാദ് എൻ കെ, ഗോപു നായർ, അശ്വന്ത് അനിൽകുമാർ, ധനിൽ ശിവറാം എന്നിവർ ഉൾപ്പെടെയുള്ള വലിയ താരനിരയുള്ള ചിത്രത്തിൽ ചലച്ചിത്ര താരങ്ങളായ സ്മിനു സിജോ, ശരത് സഭ തുടങ്ങിയവരും അണിനിരക്കുന്നുണ്ട്. യുവപ്രേക്ഷകർക്കും, കുടുംബങ്ങൾക്കും ഒരുപോലെ ആസ്വാദ്യകരമായിരിക്കും ചിത്രമെന്നാണ് ട്രെയിലർ വ്യക്തമാക്കുന്നത്. ചിത്രം ഫെബ്രുവരിയിൽ തിയേറ്ററുകളിൽ എത്തും.




ക്ലാപ്പ് ബോർഡ് ഫിലിംസ്, ബ്രിട്ടീഷ് സിനിമാസ് എന്നീ ബാനറുകളുടെ കീഴിൽ ഹാരിസ് മൊയ്ദൂട്ടി, രാജേഷ് മോഹൻ, ജിഷ്ണു ശങ്കർ, ശ്രീധർ ചേനി എന്നിവർ ചേർന്നാണ് സിനിമയുടെ നിർമ്മാണം. ചിത്രത്തിന്റെ ഛായാഗ്രഹണം നിർവഹിക്കുന്നത് അജയ് ഫ്രാൻസിസ് ജോർജാണ്., എഡിറ്റിംഗ് പ്രേംസായ്, പ്രൊഡക്ഷൻ ഡിസൈൻ അരുൺ വെഞ്ഞാറമ്മൂട്, കലാസംവിധാനം അനൂപ് വിജയകുമാർ, വസ്ത്രാലങ്കാരം സുനിൽ ജോർജ്, കൊറിയൊഗ്രഫി ഷെരീഫ് മാസ്റ്റർ, പ്രൊഡക്ഷൻ കൺട്രോളർ ഗിരീഷ് കൊടുങ്ങല്ലൂർ, കളറിസ്റ്റ് ദീപക് ഗംഗാധരൻ, മേക്കപ്പ് സുധി സുരേന്ദ്രൻ, ആക്ഷൻ കൊറിയോഗ്രാഫർ അഭിഷേക് ശ്രീനിവാസ്, സ്റ്റണ്ട്സ് അഷ്റഫ് ഗുരുക്കൾ, ഫൈനൽ മിക്സിങ് ഡാൻ ജോസ്.

# അന്താരാഷ്ട്ര സ്പൈസ് റൂട്ട്സ് സമ്മേളനത്തിന് ഇന്ന് തുടക്കം

**കൊച്ചി:** കേരളത്തെ ആഗോള സമുദ്ര വ്യാപാരത്തിന്റെയും പൈതൃകത്തിന്റെയും ലക്ഷ്യസ്ഥാനമായി സ്ഥാപിക്കാനും ഈ വിനിമയ സാധ്യതയെ പുനരുജ്ജീവിപ്പിക്കാനും ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രഥമ അന്താരാഷ്ട്ര സ്പൈസ് റൂട്ട്സ് സമ്മേളനത്തിന് ഇന്ന് തുടക്കമാകും. മുസിരിസ് ഹെറിറ്റേജ് പ്രോജക്റ്റ് സംസ്ഥാന ടൂറിസം വകുപ്പുമായി സഹകരിച്ച് കൊച്ചി ബോൾഗാട്ടി പാലസിൽ സംഘടിപ്പിക്കുന്ന ത്രിദിന സമ്മേളനം ഇന്ന് രാവിലെ 10 ന് മന്ത്രി പി.എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും.

കെ.എൻ ഉണ്ണികൃഷ്ണൻ എംഎൽഎ അധ്യക്ഷനാകും. ഷാർജ മ്യൂസിയംസ് അതോറിറ്റി ഡയറക്ടർ ജനറൽ മനൽ അതായ മുഖ്യാതിഥിയായിരിക്കും. ഹൈബി ഈഡൻ എംപി, എംഎൽഎമാരായ വി.ആർ സുനിൽകുമാർ, ഇ.ടി ടൈസൺ, പി.പി ചിത്തരഞ്ജൻ, എച്ച്. സലാം എന്നിവർ ചടങ്ങിൽ വിശിഷ്ടാതിഥികളായിരിക്കും. ടൂറിസം സെക്രട്ടറി ബിജു കെ ചടങ്ങിൽ സംബന്ധിക്കും. ടൂറിസം ഡയറക്ടർ ശിഖ സുരേന്ദ്രൻ സ്വാഗതപ്രസംഗം നടത്തും.

സ്പൈസ് റൂട്ട്സ് ഹെറിറ്റേജ് നെറ്റ്‌വർക്കിന്റെ പ്രഖ്യാപനം ഉദ്ഘാടന സമ്മേളനത്തിൽ നടക്കും. മാപ്പ് മൈ ഹെറിറ്റേജ് മത്സരത്തിന്റെ പ്രഖ്യാപനം, സിഗ്നേച്ചർ ട്രെയിൽസ്, ഹെറിറ്റേജ് വാക്ക്സ് ബ്രോഷറുകളുടെ പ്രകാശനം എന്നിവയും ചടങ്ങിൽ നടക്കും.

ടൂറിസം അഡീഷണൽ ഡയറക്ടർ (ജനറൽ) ശ്രീധന്യ സുരേഷ്, ടൂറിസം അഡീഷണൽ സെക്രട്ടറി ഡി. ജഗദീഷ്, സ്പൈസസ് ബോർഡ് ഓഫ് ഇന്ത്യ ചെയർപേഴ്സൺ സംഗീത വിശ്വനാഥൻ, കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് (കെസിഎച്ച്ആർ) ഡയറക്ടർ ദിനേശൻ വടക്കിനി, സംസ്ഥാന പുരാവസ്തു വകുപ്പ് ഡയറക്ടർ ഡോ. ഇ.ദിനേശൻ, കെടിഐഎൽ എംഡി മനോജ് കിനി, ബിആർഡിസി എംഡി ഷിജിൻ പി, ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി സിഇഒ രൂപേഷ്കുമാർ, കേരള ട്രാവൽ മാർട്ട് സൊസൈറ്റി (കെ.ടി.എം) പ്രസിഡന്റ് കെ. ജോസ് പ്രദീപ്, കെ.ടി.എം സെക്രട്ടറി എസ്. സ്വാമിനാഥൻ, കോൺഫറൻസ് അക്കാദമിക് ക്യൂറേറ്റർ എം.എച്ച് ഇലിയാസ്, ആഴി ആർക്കൈവ്സ് പ്രൊഫ. റിയാസ് കോമു എന്നിവർ പങ്കെടുക്കും. മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡ് എംഡി ഷാരോൺ വി നന്ദി പറയും.

പുരാതന സുഗന്ധവ്യഞ്ജന വിനിമയ പാതകളെ സമകാലിക ആഗോള ചർച്ചകളുമായി ബന്ധിപ്പിക്കുന്ന ബൗദ്ധിക, സാംസ്കാരിക വേദിയായിട്ടാണ് ജനുവരി 8 വരെ നടക്കുന്ന സമ്മേളനത്തെ വിഭാവനം ചെയ്തിരിക്കുന്നത്. വിഷയാധിഷ്ഠിത അവതരണങ്ങൾക്ക് പുറമേ അന്തർദേശീയ പൈതൃക ഇടനാഴികൾ നിയന്ത്രിക്കുകയും നിലനിർത്തുകയും ചെയ്യുക, പൈതൃക ടൂറിസവും സുസ്ഥിരതയും, ടൂറിസത്തിനായി സുഗന്ധവ്യഞ്ജന പാതകളുടെ പുനർവിഭാവനം, ഡിജിറ്റൽ സ്പൈസ് റൂട്ട്സ്, മുസിരിസ് പുനർവിഭാവനം, മേഖലയിലെ വിജ്ഞാന പാരമ്പര്യം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള സാങ്കേതിക സെഷനുകളും ഉണ്ടായിരിക്കും.

പ്രശസ്തമായ ആഗോള വ്യാപാര ഇടനാഴിയുടെ പരിധിയിൽ വരുന്ന ഭൂഖണ്ഡങ്ങളിലെ രാജ്യങ്ങൾക്കിടയിൽ സാംസ്കാരിക, പൈതൃക ടൂറിസം ശക്തിപ്പെടുത്തുന്നതിനുള്ള കാഴ്ചപ്പാടുകൾ സമ്മേളനം മുന്നോട്ടുവയ്ക്കും.

22 രാജ്യങ്ങളിൽ നിന്നുള്ള 38 വിശിഷ്ട പ്രതിനിധികൾ സമ്മേളനത്തിന്റെ ഭാഗമാകും. പ്രമുഖ അക്കാദമീഷ്യന്മാർ, ചരിത്രകാരന്മാർ, പ്രശസ്ത പുരാവസ്തു ഗവേഷകർ, നയതന്ത്രജ്ഞർ, നയരൂപീകരണ വിദഗ്ധർ, ടൂറിസം മേഖലയിലെ പ്രഗത്ഭർ, പ്രശസ്ത കലാകാരന്മാർ, സാംസ്കാരിക പരിശീലകർ എന്നിവർ സമ്മേളനത്തിൽ പങ്കെടുക്കും.

സമുദ്ര വ്യാപാരത്താൽ രൂപപ്പെട്ട ഭാഷാ, സാംസ്കാരിക വിനിമയം, കുടിയേറ്റം, അറിവ്, വിശ്വാസം, തത്വചിന്ത: സമുദ്ര മേഖലയിലൂടെ വ്യാപിച്ച ശാസ്ത്രം, വൈദ്യശാസ്ത്രം, വിശ്വാസ വ്യവസ്ഥകൾ, ബൗദ്ധിക പാരമ്പര്യങ്ങൾ, കൊളോണിയലിസവും പൈതൃകങ്ങളും: മാരിടൈം കൊളോണിയലിസത്തിന്റെ സാംസ്കാരികവും രാഷ്ട്രീയവുമായ പ്രത്യാഘാതങ്ങൾ മനസ്സിലാക്കൽ, സമുദ്ര സാങ്കേതികവിദ്യകളും ലോജിസ്റ്റിക്സും: സമുദ്രപാതകളിലൂടെയുള്ള സാധനങ്ങളുടെയും ആശയങ്ങളുടെയും നവീകരണങ്ങളുടെയും കൈമാറ്റത്തിന്റെ ചരിത്രം തുടങ്ങിയ വിഷയങ്ങളിൽ സമ്മേളനത്തിൽ ചർച്ചകൾ നടക്കും.

മുസിരിസ് അനുഭവം, സമകാലിക കലാ ഇടപെടൽ, പാരമ്പര്യ കലകളുടെ ആസ്വാദനം തുടങ്ങിയവ ഉൾപ്പെടുന്ന കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിലേക്കുള്ള യാത്രയിൽ സമ്മേളനത്തിലെ പ്രതിനിധികൾ ഭാഗമാകും. മുസിരിസ് പൈതൃക പാതയിലൂടെയുള്ള യാത്ര, കൊച്ചിമുസിരിസ് ബിനാലെയിലേക്കുള്ള സന്ദർശനം എന്നിവ ഇതിൽ പ്രധാനമാണ്.

പേപ്പർ പ്രസന്റേഷനുകൾ, സംഭാഷണങ്ങൾ, പോസ്റ്റർ പ്രദർശനങ്ങൾ, കലാ പ്രദർശനങ്ങൾ, ചലച്ചിത്ര പ്രദർശനം, കലാപ്രകടനങ്ങൾ, സ്ഥല സന്ദർശനങ്ങൾ തുടങ്ങിയ അക്കാദമിക, കലാപരമായ ആവിഷ്കാരങ്ങളും സമ്മേളനത്തിലുണ്ടാകും.

കൊച്ചിയിലെ വിവിധ സ്ഥലങ്ങളിൽ ഫോട്ടോഗ്രാഫിക് പ്രദർശനങ്ങളും കലാ പ്രദർശനങ്ങളും നടത്തുന്നതിനായി പ്രശസ്ത മൾട്ടിമീഡിയ ആർട്ടിസ്റ്റായ റിയാസ് കോമുവിന്റെ നേതൃത്വത്തിലുള്ള ആഴി ആർക്കൈവ്സുമായി മുസിരിസ് ഹെറിറ്റേജ് പ്രോജക്റ്റ് സമ്മേളനത്തിൽ സഹകരിക്കുന്നുണ്ട്. അക്കാദമിക് സെഷനുകൾ രൂപകൽപ്പന ചെയ്യുന്ന അക്കാദമിക് കൺസൾട്ടന്റായി എംജി സർവകലാശാലയിലെ പ്രൊഫ.എം.എച്ച്. ഇലിയാസ് സമ്മേളനവുമായി സഹകരിക്കും.

ചവിട്ടുനാടകം, സീയിംഗ് ഈസ് ബിലീവ് , മൈഗ്രന്റ് ഡ്രീംസ് എന്നീ ഫോട്ടോഗ്രാഫിക് പ്രദർശനങ്ങൾ സമ്മേളനത്തിന്റെ പ്രധാന വേദിയിൽ നടക്കും. പിന്നണി ഗായിക രശ്മി സതീഷിന്റെ കാർക്കുഴലി , ഗോതുരുത്തിലെ തമ്പി ആശാന്റെയും സംഘത്തിന്റെയും ചവിട്ടുനാടകം എന്നിവയും അരങ്ങേറും. ആധുനിക വ്യാപാര ശൃംഖലകളും അതിർത്തികളും രൂപപ്പെടുന്നതിന് വളരെ മുമ്പുതന്നെ മുസിരിസ് ഉൾപ്പെടെയുള്ള മലബാർ തീരത്തെ തുറമുഖങ്ങൾ ഏഷ്യ, മിഡിൽ ഈസ്റ്റ്, ആഫ്രിക്ക, യൂറോപ്പ് എന്നിവയെ ബന്ധിപ്പിക്കുന്ന ഊർജ്ജസ്വലമായ കേന്ദ്രങ്ങളായി പ്രവർത്തിച്ചിരുന്നു. സ്പൈസ് റൂട്ട് തിരക്കേറിയ സമുദ്ര വാണിജ്യ പാതയായി മാത്രമല്ല ആശയങ്ങൾ, കല, സാങ്കേതികവിദ്യ, മതപാരമ്പര്യങ്ങൾ എന്നിവ സംയോജിപ്പിച്ച് ജനങ്ങൾ തമ്മിലുള്ള ബന്ധം സൃഷ്ടിക്കുന്ന ഊർജ്ജസ്വലമായ സാംസ്കാരിക ഇടനാഴിയായും പ്രവർത്തിച്ചു.

## ബാങ്കേഴ്സ് ക്ലബ് കൊച്ചി ഇന്റർ ബാങ്ക് ക്വിസ് മത്സരം സംഘടിപ്പിച്ചു

**കൊച്ചി:** ബാങ്കേഴ്സ് ക്ലബ് കൊച്ചി ബാങ്കിംഗ് അവയർനെസ് എന്ന ഇന്റർ ബാങ്ക് ക്വിസ് മത്സരം സംഘടിപ്പിച്ചു. ക്രിസ്മസ് പുതുവത്സര ആഘോഷങ്ങളുടെ ഭാഗമായി ബാങ്കേഴ്സ് ക്ലബ് കൊച്ചി അംഗങ്ങളുടെ കുടുംബസംഗമത്തോടനുബന്ധിച്ചാണ് ക്വിസ് മത്സരം സംഘടിപ്പിച്ചത്. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർആന്റോ ജോർജിന്റെ സാന്നിധ്യത്തിൽ മുഖ്യാതിഥി ഋഷിരാജ് സിംഗ് ഐപിഎസ് പരിപാടി ഉദ്ഘാടനം ചെയ്തു.

എട്ട് ബാങ്കുകളിൽ നിന്നുള്ള ഒമ്പത് ടീമുകൾ പങ്കെടുത്ത മത്സരത്തിൽ റിസർവ് ബാങ്ക് കൊച്ചി വിജയികളായി. ഫെഡറൽ ബാങ്ക് റണ്ണർ അപ്പ് ആയി തിരഞ്ഞെടുക്കപ്പെട്ടു. മിമിക്രി ആർട്ടിസ്റ്റ് ബേസിൽ ബെന്നിയുടെ പ്രത്യേക പ്രകടനവും, സംഗീത നിശയും തുടർന്ന് ക്ലബ് അംഗങ്ങളുടെയും അവരുടെ കുടുംബങ്ങളുടെയും സാംസ്കാരിക പരിപാടികളും ചടങ്ങിന്റെ ഭാഗമായി നടന്നു. ബാങ്കേഴ്സ് ക്ലബ് കൊച്ചി പ്രസിഡന്റ് ബിബി അഗസ്റ്റിൻ, സെക്രട്ടറി ജിൽജിത്ത് ജെ, ട്രഷറർ വിനീത് കുമാർ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

## സിംബയോസിസ് ബിരുദ പ്രോഗ്രാമുകൾക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സിംബയോസിസ് ഇന്റർനാഷണൽ (ഡീംഡ് യൂണിവേഴ്സിറ്റി) മുഴുവൻ സമയ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായി സെറ്റ് 2026 (സിംബയോസിസ് എൻട്രൻസ് ടെസ്റ്റ്), എസ്ഐടിഇഇഇ 2026 (സിംബയോസിസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എഞ്ചിനീയറിംഗ് എൻട്രൻസ് എക്സാം) എന്നിവയ്ക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. ഏപ്രിൽ 15 വരെ അപേക്ഷിക്കാം.

ബിബിഎ, ബിസിഎ, ബിഎ, ബിഎസ്‌സി, ബിടെക് എന്നിവയുൾപ്പെടെ വിവിധ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായി സിംബയോസിസ് ഇന്റർനാഷണൽ നടത്തുന്ന കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷകളാണ് (സിബിടി) സെറ്റ്, എസ്ഐടിഇഇഇ എന്നിവ. വിദ്യാർത്ഥികൾക്ക് രണ്ട് തവണ പരീക്ഷയെഴുതാം. ഇതിലെ ഉയർന്ന സ്കോർ ശതമാനമാണ് പ്രവേശനത്തിന് പരിഗണിക്കുകയെന്ന് സിംബയോസിസ് അറിയിച്ചു.

2026 മെയ് രണ്ട്, മെയ് 10 തീയതികളിലാണ് പ്രവേശന പരീക്ഷകൾ നടക്കുക. സെറ്റ്/എസ്ഐടിഇഇഇ 2026 ഫലങ്ങൾ മെയ് 20ന് പ്രഖ്യാപിക്കും. 2026 ഏപ്രിൽ 15നകം ഔദ്യോഗിക പോർട്ടലിൽ ഓൺലൈൻ രജിസ്ട്രേഷൻ പ്രക്രിയ പൂർത്തിയാക്കി പ്രവേശന പരീക്ഷകൾക്ക് അപേക്ഷിക്കാം. ഓൺലൈനായോ സിംബയോസിസ് ടെസ്റ്റ് സെക്രട്ടേറിയറ്റ് എന്ന പേരിൽ ഡിമാൻഡ് ഡ്രാഫ്റ്റ് വഴിയോ പണമടയ്ക്കാം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനും www.set-test.org സന്ദർശിക്കുക.

# ഇന്ത്യൻ നിർമിത കാർ കയറ്റുമതി കുതിച്ചുയരുന്നു

**മുംബൈ:** ഇന്ത്യ നിർമിത വാഹനങ്ങൾക്ക് വിദേശ രാജ്യങ്ങളിൽ പ്രിയമേറുന്നു. ഇന്ത്യയിൽനിന്നുള്ള വാഹന കയറ്റുമതി സർവകാല റെക്കോഡിലേക്ക് കുതിക്കുന്നതായാണ് റിപ്പോർട്ട്. വിദേശ കാർ നിർമാതാക്കളാണ് ഇന്ത്യയിൽനിന്ന് കാർ കയറ്റുമതി ചെയ്ത് വൻ വരുമാനം നേടുന്നത്.

ചെലവ് വളരെ കുറവാണെന്നതാണ് ഇന്ത്യയെ കയറ്റുമതി ഹബാക്കാൻ ജപ്പാന്റെ മാരുതി സുസുകി, ദക്ഷിണ കൊറിയയുടെ കിയ, ജർമൻ കമ്പനിയായ ഫോക്സ്‌വാഗൺസ് കോഡ തുടങ്ങിയ കമ്പനികളെ പ്രേരിപ്പിച്ചത്. വിപണി കണ്ടെത്താനാകാതെ യു.എസ് കമ്പനികളായ ഫോർഡ് മോട്ടോർസും ജനറൽ മോട്ടോർസും ഇന്ത്യ വിട്ടതിന് പിന്നാലെയാണ് മറ്റു കമ്പനികളുടെ കയറ്റുമതി ഉയർന്നത്.

മാരുതി സുസുകിയാണ് ഏറ്റവും കൂടുതൽ വാഹനങ്ങൾ കയറ്റുമതി ചെയ്ത കമ്പനി. 332,585 ലക്ഷം കാറുകൾ 2025 സാമ്പത്തിക വർഷം വിദേശ വിപണിയിൽ വിൽപന നടത്തിയെന്നാണ് കണക്ക്. ഇന്ത്യൻ വിപണിക്ക് ഇഷ്ടമായില്ലെങ്കിലും മാരുതി സുസുകിയുടെ ജിംനി 100 ലേറെ രാജ്യങ്ങളിലേക്കാണ് കയറ്റി അയക്കുന്നത്. നിർമാണം തുടങ്ങിയ ശേഷം ഒരു ലക്ഷം യൂനിറ്റുകളാണ് മാരുതി വിദേശ വിപണിയിൽ വിറ്റത്.



പത്ത് ലക്ഷം കാർ കയറ്റുമതി എന്ന നേട്ടം ഈ വർഷം സ്വന്തമാക്കാൻ കഴിയുമെന്നാണ് നിർമാതാക്കളുടെ പ്രതീക്ഷ. കഴിഞ്ഞ വർഷം 743,326 വാഹനങ്ങളാണ് ഇന്ത്യ വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തത്. എന്നാൽ, ഈ വർഷം നവംബറോടെ കയറ്റുമതി ചെയ്ത വാഹനങ്ങളുടെ എണ്ണം 790,667 കടന്നു. ഏറ്റവും കൂടുതൽ കയറ്റുമതി നടക്കുന്ന ഡിസംബറിലെ കണക്കുകൂടി പുറത്തുവരുന്നതോടെ പുതിയ റെക്കോഡ് തൊടുമെന്നാണ് വിദഗ്ധർ നൽകുന്ന സൂചന.

2020 ലെ കയറ്റുമതിയിൽനിന്ന് ഇരട്ടിയിലേറെ വർധനവാണുണ്ടായത്. 428,098 വാഹനങ്ങളാണ് 2020ൽ ഇന്ത്യ വിദേശ വിപണിയിൽ വിൽപന നടത്തിയത്. കോവിഡ് മഹാമാരിക്ക് പിന്നാലെ ഫാക്ടറികൾ അടച്ചുപൂട്ടിയത് കയറ്റുമതിക്ക് തിരിച്ചടിയാവുകയായിരുന്നു. ഇതിനു മുമ്പ് 2017ലാണ് ഏറ്റവും അധികം കാറുകൾ കയറ്റുമതി ചെയ്തത്.

738,894 യൂണിറ്റുകൾ കടൽ കടന്നു. അന്ന് കയറ്റുമതിയുടെ ആഗോള കേന്ദ്രമായി ഫോർഡും ജനറൽ മോട്ടോർസും ഇന്ത്യയെ മാറ്റുകയായിരുന്നു. ഫോർഡ് ചെന്നൈ, സനന്ദ് പ്ലാന്റുകളിലും ജനറൽ മോട്ടോർസ് മഹാരാഷ്ട്രയിലെ തലിഗാവിലുള്ള പ്ലാന്റിലുമാണ് വാഹനങ്ങൾ നിർമിച്ചിരുന്നത്. ആഭ്യന്തര വിപണി ശക്തമാകുകയും ലാറ്റിൻ അമേരിക്ക, ആഫ്രിക്ക മേഖലയുടെ ഡിമാൻഡ് ഇടിയുകയും ചെയ്ത 2018, 2019 വർഷങ്ങളിൽ കയറ്റുമതി കനത്ത ഇടിവ് നേരിട്ടു.

പക്ഷെ, ഫോർഡും ജനറൽ മോട്ടോർസും രാജ്യം വിട്ടത് മാരുതി സുസുകി, കിയ, സ്കോഡഫോക്സ്‌വാഗൺ തുടങ്ങി കമ്പനികൾക്ക് പുതിയ അവസരങ്ങൾ തുറന്നുനൽകിയെന്ന് വിദഗ്ധർ പറയുന്നു.




# കൊച്ചിയിൽ പ്ലാസ്റ്റിക് പുനരുപയോഗ വ്യവസായ പാർക്ക് പരിഗണനയിൽ: വ്യവസായമന്ത്രി പി രാജീവ്

**കൊച്ചി:** പ്ലാസ്റ്റിക് പുനരുപയോഗത്തിന് (റിസൈക്ലിംഗ്) മാത്രമായി പ്രത്യേക വ്യവസായപാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയതായി വ്യവസായകയർ നിയമവകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു. പെട്രോകെമിക്കൽ ആൻഡ് അലൈഡ് സെക്ടേഴ്സ് ഉച്ചകോടി കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വ്യവസായവകുപ്പിന്റെ നേതൃത്വത്തിൽ കെഎസ്ഐഡിസി, കിൻഫ്ര, ഭാരത് പെട്രോളിയം (ബിപിസിഎൽ) എന്നിവ സംയുക്തമായാണ് ഉച്ചകോടി നടത്തിയത്.

ഭാരത് പെട്രോളിയത്തിന്റെ സാന്നിദ്ധ്യം മൂലം പെട്രോകെമിക്കൽ മേഖലയിൽ കേരളത്തിന്റെ സാധ്യതകൾ അനന്തമാണെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. പ്ലാസ്റ്റിക് പുനരുപയോഗത്തിനായി പ്രത്യേക വ്യവസായപാർക്ക് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്. കൊച്ചി ബ്രഹ്മപുരത്ത് ഇതിനായുള്ള സ്ഥലം കണ്ടെത്താനുള്ള ശ്രമത്തിലാണെന്നും ഉച്ചകോടിയിലെ ചോദ്യോത്തര വേളയിൽ മന്ത്രി പറഞ്ഞു.

കൊവിഡ് കാലത്തിന് ശേഷം മാത്രം 40,000 പ്രൊഫഷണലുകൾ ലോകത്തിന്റെ വിവിധ ഭാഗത്ത് നിന്നും തിരികെ കേരളത്തിലെത്തി ജോലി ചെയ്യുന്നുണ്ടെന്നാണ് ലിങ്ക്ഡിൻ പോലുള്ള വെബ്സൈറ്റ് ഡാറ്റ സൂചിപ്പിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. സർവകലാശാല കേന്ദ്രീകരിച്ച് ചെറുകിടമധ്യവർഗ വ്യവസായങ്ങൾക്കായുള്ള ടെസ്റ്റിംഗ് കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള സാധ്യത തേടുമെന്ന് അദ്ദേഹം പറഞ്ഞു.

ഇൻവസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമത്തിൽ ഉയർന്നു വന്ന നിക്ഷേപ വാഗ്ദാനങ്ങളിൽ 23 ശതമാനമാണ് സാഫല്യ നിരക്കെന്ന് സമ്മേളനത്തിൽ അവതരണം നടത്തിയ വ്യവസായവാണിജ്യ വകുപ്പ് അഡി. ചീഫ് സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് പറഞ്ഞു. ഈ ദിശയിൽ രാജ്യത്തെ ശരാശരി 15 മുതൽ 20 ശതമാനം വരെയാണ്. കിൻഫ്രയുടെ പെട്രോകെമിക്കൽ പാർക്കും ബിപിസിഎല്ലും സംയുക്തമായി സൃഷ്ടിക്കുന്ന ആവാസവ്യവസ്ഥ സംസ്ഥാനത്തെ സംരംഭകർക്ക് മുതൽക്കൂട്ടാകും. പെട്രോകെമിക്കൽ മേഖലയിലെ സംരംഭങ്ങൾ വർധിക്കാൻ ഇത് കാരണമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കഴിഞ്ഞ ദശകത്തിൽ മാത്രം 25,000 കോടി രൂപയാണ് ഭാരത് പെട്രോളിയം കേരളത്തിൽ നിക്ഷേപിച്ചതെന്ന് ബിപിസിഎൽ ബിപിആർഇപി ഹെഡ് ശ്രീറാം എ എൻ പറഞ്ഞു. പിഡിപിപി പദ്ധതി (പ്രൊലൈൻ ഡെറിവേറ്റീവ്സ് പെട്രോകെമിക്കൽ പ്രൊജക്ട്) വഴി പെട്രോകെമിക്കൽസ് അനുബന്ധ ഉത്പന്നങ്ങളുടെ ഇറക്കുമതി ഗണ്യമായി കുറയും. ഇതിനു പുറമെ 100 ശതമാനവും ഇറക്കുമതിയെ ആശ്രയിക്കുന്ന പെർഫോർമൻസ് പോളിമർ ഉത്പാദനം തുടങ്ങുന്നതിനു വേണ്ടിയുള്ള പ്ലാന്റ് ആരംഭിക്കുകയാണ്. 10,000 കോടിയാണ് ഇതിന് വേണ്ടി നിക്ഷേപിക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

110 കോടി രൂപ ചെലവിൽ പെട്രോകെമിക്കൽ ഉത്പന്നങ്ങളുടെ ടെസ്റ്റിംഗ് കേന്ദ്രം 2027 ൽ കൊച്ചിയിൽ പൂർത്തിയാകും. റിവേഴ്സ് എൻജിനീയറിംഗ് ഉൾപ്പെടെയുള്ള പരീക്ഷണങ്ങൾ ഇവിടെ നടത്താനാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കെഎസ്ഐഡിസി എംഡിയും വ്യവസായവകുപ്പ് ഡയറക്ടറുമായ വിഷ്ണുരാജ് പി സ്വാഗതവും ബിപിസിഎൽ സിജിഎം(പ്രൊജക്ട്സ്പിപി) ജയ് കിഷൻ സി നാഥ് നന്ദിയും പറഞ്ഞു. കേരള പ്ലാസ്റ്റിക് മാനുഫാക്ചേഴ്സ് അസോസിയേഷൻ വൈസ് പ്രസിഡന്റ് സിഎ ഷാഹുൽ ഹമീദ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പെട്രോകെമിക്കൽസ് ടെക്നോളജി ഡയറക്ടർ ഡോ. കെ എ രാജേഷ് തുടങ്ങിയവർ സംസാരിച്ചു.

ബിപിസിഎൽ പെട്രോകെമിക്കലും അനുബന്ധ മേഖലകളും എന്ന വിഷയത്തിൽ ബിപിസിഎൽ പെറ്റ്കെം ടാസ്ക്ഫോഴ്സ് ഹെഡ് അതുൽ ഖാൻവിൽക്കർ, പെട്രോകെമിക്കൽ പാർക്കും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും എന്ന വിഷയത്തിൽ കിൻഫ്ര എംഡി സന്തോഷ് കോശി തോമസ്, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് ആൻഡ് വിഷൻ 2030 എന്ന വിഷയത്തിൽ കെഎസ്ഐഡിസി ജന. മാനേജർ വർഗീസ് മാളാക്കാരനും അവതരണങ്ങൾ നടത്തി.

# വാഹന ഉടമകൾക്ക് പുത്തൻ പദ്ധതിയുമായി സ്കോഡ ഓട്ടോ ഇന്ത്യ

**കൊച്ചി:** വാഹന ഉടമകൾക്കായി പുത്തൻ പദ്ധതി അവതരിപ്പിച്ച് സ്കോഡ ഓട്ടോ ഇന്ത്യ. സ്കോഡ സൂപ്പർ കെയർ എന്ന പേരിലാണ് ഇന്ത്യയിലെ മുഴുവൻ വാഹന ശ്രേണിയിലേക്കുമുള്ള ഈ ബ്രാൻഡ് സർവീസ് പദ്ധതി തുടക്കം കുറിച്ചത്. വാഹന ഉടമസ്ഥതയെ കൂടുതൽ മെച്ചപ്പെട്ട അനുഭവമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന ഈ പദ്ധതിയിൽ, 4 വർഷത്തെ സ്റ്റാൻഡേർഡ് വാറണ്ടി, 4 വർഷത്തെ റോഡ്സൈഡ് അസിസ്റ്റൻസ്, 4 ലേബർഫ്രീ സർവീസുകൾ ഉൾപ്പെടെയുള്ള മികച്ച ആനുകൂല്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

എല്ലാ ഘട്ടങ്ങളിലും മികച്ച പിന്തുണയും കൃത്യതയാർന്ന സേവനങ്ങളും ഉറപ്പാക്കിക്കൊണ്ട് ഉപഭോക്താക്കളുടെ അനുഭവം മെച്ചപ്പെടുത്തുക എന്നതാണ് സ്കോഡ സൂപ്പർ കെയർ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്, സ്കോഡ ഓട്ടോ ഇന്ത്യ ബ്രാൻഡ് ഡയറക്ടർ ആശിഷ് ഗുപ്ത പറഞ്ഞു.15,000 കി.മീ  30,000 കി.മീ  ദൂരങ്ങളിൽ നടത്തുന്ന പീരിയഡിക് മെയിന്റനൻസ് സർവീസുകൾക്കൊപ്പം, പുതുതായി അവതരിപ്പിച്ച 1,000 കി.മീ 7,500 കി.മീ എന്നീ  ദൂരങ്ങളിൽ ഉള്ള  ചെക്ക് ഇൻ സർവീസുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, ഇതിലൂടെ ഉപഭോക്താക്കൾക്ക് തുടക്കത്തിൽ തന്നെ സ്കോഡ സർവീസുമായി ബന്ധപ്പെടാൻ സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മികച്ച സർവീസ്, എളുപ്പത്തിലുള്ള ബുക്കിംഗ് സംവിധാനം, വിശദമായ ബില്ലിംഗ്, തത്സമയ അപ്ഡേറ്റുകൾ എന്നിവയിലൂടെ ഉപഭോക്താക്കൾക്ക് സുതാര്യവും സൗകര്യപ്രദവുമായ അനുഭവം സ്കോഡ ഉറപ്പാക്കുന്നു. 183 നഗരങ്ങളിലായി 325ലധികം കസ്റ്റമർ ടച്ച് പോയിന്റുകൾ ഉൾപ്പെടുന്ന രാജ്യവ്യാപക നെറ്റ്വർക്കിലൂടെ നടപ്പിലാക്കുന്ന സ്കോഡ സൂപ്പർ കെയർ, ഉപഭോക്താക്കൾക്ക് മുൻഗണന നൽകാനുള്ള ബ്രാൻഡിന്റെ പ്രതിബദ്ധതയെയാണ് ചൂണ്ടിക്കാണിക്കുന്നത്.




# എഐ ജീവിതത്തിന്റെ പുതിയ കൂട്ടാളി; സാംസങ് നയരേഖ പ്രഖ്യാപിച്ചു

**കൊച്ചി:** ലാസ് വേഗാസിൽ നടക്കുന്ന കൺസ്യൂമർ ഇലക്ട്രോണിക്സ് ഷോ 2026 'എഐ ജീവിതത്തിൽ നിങ്ങളുടെ കൂട്ടായി' എന്ന കാഴ്ചപാടുമായി സാംസങ് ഇലക്ട്രോണിക്സ് പുതിയ നയരേഖ പ്രഖ്യാപിച്ചു. ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ ഉൽപ്പന്ന വികസനം, സേവനങ്ങൾ, ഉപഭോക്തൃ അനുഭവം എന്നിവയെ ഏകീകരിക്കുന്ന അടിസ്ഥാനമായി മാറ്റുകയാണ് ലക്ഷ്യമെന്ന് കമ്പനി അറിയിച്ചു.

130ഇഞ്ച് മൈക്രോ ആർജിബി ടി.വി ഉൾപ്പെടെ എഐ സജ്ജമായ പുതിയ ഡിസ്പ്ലേ സാങ്കേതികവിദ്യകളും വിഷൻ എഐ കമ്പാനിയൻ സംവിധാനവും അവതരിപ്പിച്ചു. ഗൃഹോപകരണ രംഗത്ത് സ്മാർട് തിങ്സ് പ്ലാറ്റ്ഫോമിലൂടെ 430 ദശലക്ഷത്തിലധികം ഉപയോക്താക്കളെ ബന്ധിപ്പിച്ചതായും, എഐ അധിഷ്ഠിത ഫാമിലി ഹബ് റഫ്രിജറേറ്ററുകളും മറ്റ് ഉപകരണങ്ങളും പ്രദർശിപ്പിച്ചതായും സാംസങ് അറിയിച്ചു. ധരിക്കാവുന്ന ഉപകരണങ്ങൾ മുഖേന മുൻകരുതൽ ആരോഗ്യപരിചരണത്തിലേക്ക് നീങ്ങുന്ന ദീർഘകാല ദർശനവും കമ്പനി അവതരിപ്പിച്ചു.

കൺസ്യൂമർ ഇലക്ട്രോണിക്സ് ഷോയുടെ ഭാഗമായി ജനുവരി 4 മുതൽ 7 വരെ സാംസങ് എക്സിബിഷൻ സോൺ പൊതുജനങ്ങൾക്കായി തുറക്കും.